## കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് -ആയുർവേദ ആശുപത്രികൾക്കുവേണ്ടി കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ- ഓപ്പറേറ്റീവ് സൊസൈററിയിൽ നിന്നും ആയുർവേദ ഔഷധങ്ങൾ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയിരുന്ന അനുമതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ(സാധാ)നം.496/11/തസ്വഭവ തിരുവനന്തപുരം,തീയതി : 17.02. 2011.

---

**പരാമർശം:-1) 04.12.2008 -ലെ സ.ഉ.(എം.എസ്) നമ്പർ:321/08/തസ്വഭവ**

**2) 26.11.09 - ലെ കേരളആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സെക്രട്ടറിയുടെ അപേക്ഷ**

**3) 25.01.2011 - ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ :2.32**

**ഉത്തരവ്**

പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ - ഓപ്പറേറ്റീവ് സൊസൈററിയിൽ നിന്നും ഒരു വർഷത്തേക്ക് ആയുർവേദ ഔഷധങ്ങൾ വാങ്ങുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പരാമർശം(2) പ്രകാരം പ്രസ്തുത അനുമതി ഒരുവർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും പരാമർശം (3) ൻെറ അടിസ്ഥാനത്തിൽ, സംഘത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ, മറ്റു വിപണന ഏജൻസികൾക്ക് നൽകി വരുന്ന ഡിസ്കൗണ്ട്/കമ്മിഷൻ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും നൽകേണ്ടതാണ് എന്ന വ്യവസ്ഥയിൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്കാവശ്യമായ ഔഷധങ്ങൾ സൊസൈററിയിൽനിന്നും നേരിട്ട് വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെഉത്തരവിൻപ്രകാരം,
ബി.സരസ്വതി അമ്മ,
അഡീഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം
} ബന്ധപ്പെട്ട എല്ലാവരേയുംഅറിയിക്കേണ്ടതാണ്

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രസിഡൻറ്, കേരളആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ,
മീഞ്ചന്ത,കോഴിക്കോട്

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം.

(തദ്ദേശസ്വയംഭരണവകുപ്പിൻെറ വെബ്സൈറ്റിൽപ്രസിദ്ധപ്പെടുത്തുന്നതിന്)

സംസ്ഥാനതലറിസോഴ്സ് ഗ്രൂപ്പ്, റ്റി.സി25/2727(4), ലൂക്ക്സ് ലെയ്ൻ,

പുളിമൂട്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്.

ഈ വകുപ്പിൻെറ 03.05.10 - ലെ 75922/ഡിഎ1/09/തസ്വഭവ നമ്പർ:ഫയൽ പ്രകാരം

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.